(ഇ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇപ്പോൾ 1173 പേർ ജോലി ചെയ്യുന്നുണ്ട്.

(എഫ്) ജീവനക്കാർക്ക് അവരുടെ ഉത്തരവാദിത്വത്തിൽ തുടർച്ചയായി ജോലിക്കാരെ നിയമിക്കാൻ അധികാരം നൽകിയിട്ടില്ല. എന്നാൽ ഒരു ജീവനക്കാരൻ മാത്രമായി ചാർജ്ജ് വഹിക്കുന്നതോ അല്ലെങ്കിൽ ഷോപ്പുമാനേജരും ഒരു ഹെൽപ്പറും മാത്രം ജോലി നോക്കുന്നതും പ്രതിദിനം 5000/-രൂപയിൽ കൂടുതൽ വിറ്റുവരവുള്ളതുമായ മാവേലി സ്റ്റോറുകളിൽ വിറ്റുവരവ് വർദ്ധിക്കുന്നതിനനുസരിച്ച് പൊതുജനങ്ങളുടെ സൗകര്യാർത്ഥം പാക്കിംഗ് ജോലി ചെയ്യിക്കുന്നതിന് പ്രതിദിനം 76 രൂപ വരെ ചെലവാക്കാൻ ബന്ധപ്പെട്ട മാവേലി മാനേജർക്ക് അധികാരം നൽകിയിട്ടുണ്ട്.

(ജി) കൂടുതൽ സ്റ്റാഫിനെ നിയമിക്കണമെന്ന ആവശ്യം സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷനോട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്.

142 (2456) ഭക്ഷ്യ വസ്തുക്കളുടെ സബ്സിഡി കുറയ്ക്കുന്ന നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ 2000-2001 ബഡ്ജറ്റിലൂടെ ഭക്ഷ്യ ധാന്യങ്ങളുടേയും മറ്റു ഭക്ഷ്യ വസ്തുക്കളുടേയും സബ്സിഡി ഗണ്യമായി വെട്ടിക്കുറച്ചിരിക്കുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലം അരിയുൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങളുടെ വില ഉയരുന്നത് തടയുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ ഭക്ഷ്യ ധാന്യങ്ങളുടെയും മറ്റും സബ്സിഡി ഗണ്യമായി വെട്ടിക്കുറച്ചതിന്റെ ഫലമായി സംസ്ഥാനം നേരിടേണ്ടിവരുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നിലവിലുള്ള സാമ്പത്തിക പരിധിക്കുള്ളിൽ നിന്നുകൊണ്ട് സാദ്ധ്യമായതെല്ലാം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ നടപടിയെടുത്തുവരുന്നു.

143 (2457) മലബാർ ഭാഗത്തെ റേഷൻ വിതരണം

ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ റംസാൻ - ക്രിസ്തുമസ് ആഘോഷവേളകളിൽ മലബാർ ഭാഗത്ത് എഫ്.സി.ഐ. ഗോഡൗണിൽനിന്നും റേഷൻ വിതരണത്തിന് അനുവദിച്ചത് ഉപയോഗയോഗ്യമല്ലാത്ത അരിയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly